# മിസ്റ്റർ മാത്തൻ ടു ദ മൂൺ!

ജോലി അന്വേഷിച്ചു മുടിഞ്ഞു! അപ്ലൈയ്, അപ്ലൈയ്, ബട്ട് നോ റിപ്ലൈ!

ഈ കാലത്ത് ഒരു ജോലി കിട്ടുവാൻ ഒരു മന്ത്രി വേണം, മന്ത്രി! പണക്കിഴി കൊടുക്കുവാൻ മടിയില്ല, പക്ഷേ!

ഒരു ഇന്റർവ്യൂവിനു പോയാൽ അവർ എന്റെ ഇന്ററിൽ കടന്ന് ഒരു വ്യൂ തന്നെ നടത്തും. വലിക്കുന്ന ബീഡി എന്ത്! തേക്കുന്ന സോപ്പെന്ത്! തേക്കുന്ന കുഴമ്പിന്റെ മണം പോലും പിടിച്ചു നോക്കും! പറമ്പിൽ രണ്ടു കപ്പ നടാമെന്നു ചിന്തിച്ചാൽ, മേലനങ്ങിയാൽ തലകറങ്ങും! നാലു ക്ലാസ് പഠിച്ചതുകൊണ്ട് നാണക്കേടുമാകും.

ഇതൊക്കെ ഓർപ്പ് ഞാനൊന്നു മയങ്ങി!

"സാറേ സാറിവിടില്ലേ? ഒരു രജിസ്റ്റേർഡ് കത്ത്!"

ഒപ്പിട്ടു വാങ്ങി.

വാർത്ത– എന്നെ ചന്ദ്രനിൽ പോകാൻ തെരെഞ്ഞെടുത്തുവെന്ന് ഷോർട്ട്ലിസ്റ്റിൽ ഞാനും മറ്റ് രണ്ട് രാജ്യക്കാരും! എന്നെ മാത്രം എടുത്തിട്ടെ, മറ്റവരെ രണ്ടും തട്ടിയെന്ന്! ചന്ദ്രനിൽ പോകുന്ന കാര്യമായതു കൊണ്ട് അവന്മാർക്ക് വൈക്ലബ്യം!

കത്തുമായി ഞാൻ അടുക്കളയിലേക്ക്!

ശോഷാമ്മേ ഈ കത്ത് ഒന്നു നോക്ക്!

അവൾ, "ചട്ടുകമാ കൈയിൽ ഇരിക്കുന്നത്!"

ഞാൻ രണ്ടു ചുവടുകൾ റിവേഴ്സ് എടുത്ത് സ്റ്റാൻഡിംഗ് പൊസിഷൻ സുരക്ഷിതമാക്കി പറഞ്ഞു. "എന്നാ കള്ളമാ, നീ ഇതു വായിക്ക്. നീ പറഞ്ഞു ഞാൻ ഇവിടെക്കിടന്ന് ഉറക്കമാണെന്ന്. ബാക്കിയുള്ളവർ അതിനിടെയിലും ജോലി തിരക്കുകയായിരുന്നൂ..."

തിരുവനന്തപുരത്തു നിന്ന് മന്ത്രി വന്നു. രാഷ്ട്രീയക്കാർ, പിന്നെ ഒട്ടെല്ലാ കൂട്ടുകാരും കുടുംബക്കാരും!

ഞാൻ വിളിച്ച കാറുകളിൽ എല്ലാവരും തിരുവനന്തപുരം എയർപോർട്ടിലേക്ക്! എല്ലാവരും എയർപോർട്ടിലെ ബാറിൽ കയറി, നന്നായി മിനുങ്ങി. ബില്ല് എന്റെ പേരില്! മഹാകഷ്ടം!

പ്ലെയിനിൽ വലിയ ഇരപ്പും കുലുക്കവും! റ്റേക്ക് ഓഫ്!

ന്യൂ ഡൽഹി! ലെണ്ടൻ! അവസാനം വാഷിംഗ്ഡൺ ഡി സി! അവിടെ വലിയ കാത്തുനിൽപ്പ്! മിസ്റ്റർ പ്രസിഡന്റ്, പിന്നെ മിസി! കൂടാതെ മന്ത്രിമാരെല്ലാം തന്നെ! കൂട്ടത്തിൽ, ഒരു മലയാളി പെൺകൊടി രണ്ടു വെള്ളക്കാർ, ചെറുക്കന്മാരുടെ കൈ പിടിച്ച്? കൂഴപ്ലാവിൽ വലിക്കച്ചക്കയോ?...

ഒരു പോലീസ് എന്നെ സല്യൂട്ട് ചെയ്തു. ഞാൻ സ്തുതി ചൊല്ലി! അവൻ അനങ്ങിയില്ല!

ഹ്യൂസ്റ്റണിൽ! ഒരു ഫൈനൽ ഇന്റർവ്യൂ?

20 ബഹിരാകാശ രാക്ഷസന്മാർ എന്നെ വറത്തു!

“മിസ്റ്റർ മാത്തൻ, താങ്കൾക്ക് റോക്കറ്റുകൾ അയയ്ക്കുന്നതിൽ എന്തെങ്കിലും പരിചയം ഉണ്ടോ?”

“ഉണ്ടല്ലോ! എനിക്ക് എലിവാണവും അമിട്ടും വിട്ടൊള്ള പരിചയം ഉണ്ട്!”

“ബഹിരാകാശ സഞ്ചാരപരിചയം ഉണ്ടോ!”

“തീർച്ചയായും! ചെറുപ്പത്തിൽ പെര ൊട്ടിനായിരുന്നു. ഞാൻ പെര മുകളീന്ന് താഴോക്ക് ഒരു ബഹിരാകാശം ചെയ്തു!”

“മാരീഡാണോ, ബാച്ചിലറാണോ?”

“ബാച്ചിലറായിട്ടില്ല. ഇംഗ്ലീഷ് കിട്ടാനൊണ്ട്!”

“നോബേൽ സമ്മാനം വല്ലതും കിട്ടിയിട്ടുണ്ടോ?”

“അതിനു ഞാൻ നോവൽ എഴുതാറില്ലല്ലോ. ചെറുകഥയെഴുതും. സാറെന്റെ കഥ വായിച്ചിട്ടുണ്ടോ? കരഞ്ഞുപോകും.”

“സ്പോർട്സിൽ എന്തെങ്കിലും ട്രോഫി കിട്ടിയിട്ടുണ്ടോ?”

“പിന്നേ... നാട്ടിലെ തെന്നുന്ന റോഡിൽ മാത്തൻ മാരത്തൺ ഓടിയവനാണ്!”

“എന്റെ ട്രോഫി സ്മിത്ത് സോണിയ മ്യൂസിയത്തിൽ ആണ്!”

അവർക്കെല്ലാം എന്നെ ഇഷ്ടമായി.

അടുത്തത് സ്പേയിസിംഗ് ആന്റ് സ്യൂട്ട് ഫിക്സിംഗ്

എന്നെ അതിൽ അവർ കുത്തിക്കയറ്റി! ശ്വാസംമുട്ടൽ!

“മിസ്റ്റർ മാത്തൻ, ശരിക്കും ശ്വസിച്ചോ! നിസ്സാരം!”

എന്നേ അവർ റോക്കറ്റിൽ, സ്പേയ്സ് സ്യൂട്ടിൽ, വരിച്ചു മുറുക്കിയിട്ടു.

റ്റേക്ക് ഓഫ്. റോക്കറ്റു കത്തിച്ചു. കുടുക്കം, ഇരപ്പം, വിറക്കൽ!

എവിടെ നിന്നോ ഒരു സ്വരം!

“ഹലോ മാത്തൻ ഇത് ഹ്യൂസ്റ്റണാണ്.”

“ഹലോ ഒസ്റ്റിൻ. താനെപ്പം വന്നു. ഞാനൊരു ചന്ദ്രനിൽ പോയിട്ട് ഉടനേ വരാം.”

“അല്ലല്ലാ. ഇത് ഹ്യൂസറ്റനാണ്.”

ഹ്യൂസ്റ്റൺ, “ധൈര്യമായി പരുപാടി നടത്തിക്കോ. അതിനൊള്ള ട്യൂബുകൾ ഫിറ്റ് ചെയ്തിട്ടുണ്ട്!”

ഹ്യൂസ്റ്റൺ, റോക്കറ്റിൽ വച്ച എന്റെ ഇഷ്ടപലഹാരമായ ഉണ്ണിയപ്പത്തിലും വട്ടുമുട്ടായിയിലും ദയ നീയമായി നോക്കി!

ഹ്യൂസ്റ്റൺ, “മാത്തനു വിശക്കുന്നൊണ്ടോ?”

“ഉണ്ടോന്ന്, കുടല് കരിഞ്ഞ് മണക്കുന്നു!”

ഞാൻ കെട്ടിവെച്ചിരുന്ന ഉണ്ണിയപ്പത്തിനേയും വച്ചുമുട്ടായിയേയും സ്വതന്ത്രമാക്കി! അവർ പറക്കുവാൻ തുടങ്ങി! ഞാൻ പുറകേ! ഒറ്റക്കടി. ഉണ്ണിയപ്പം വയറ്റിൽ!

ഞാൻ കിളിവാതിലിൽ കൂടി പുറത്തേക്കു നോക്കി. കോമറ്റ്സ്. ഷൂട്ടിഗ് സ്റ്റാർസ് എലിവാണം പോലെ! ഒരു വാഴപ്പിണ്ടി രൂപം! ചന്ദ്രനും ചുറ്റും കറങ്ങിയടിക്കുന്നു! ഓർമ്മയിൽ അത് ചന്ദ്രനിൽ ഇറങ്ങാൻ ശ്രമിച്ച മെഷീൻ, ബഹിരാകാശ നടയിൽ, നൂൽപൊട്ടി, ചന്ദ്രനു ചുറ്റും നിത്യമായി കറങ്ങുകയാണ്!

അവസാനം ചന്ദ്രനിൽ!

ഭാരമില്ലാത്ത ശരീരം. കാലുകൾ ഉറയ്ക്കുന്നില്ല.

ചാടിച്ചാടി ഞാൻ നടന്നു.

പിന്നെ ഒറ്റക്കുതി! ചന്ദ്രതലത്തിൽ ഞാൻ കൈവിരിച്ച് പറക്കുവാൻ ശ്രമിച്ചു. ഒരു പരുന്തിന്റെ മാതിരി ഞാൻ പറന്ന് പറന്നുപോയി.

നോക്കിയപ്പോൾ താഴെ ഒരു മനുഷ്യരൂപം!

ഞാൻ കൈകൾ മടക്കി താഴേക്ക് വന്നു.

തുണിയുടുക്കാത്ത ഒരു സ്ത്രീ?

ഞാൻ “ഞാൻ എർത്തിൽ നിന്നാണ് അവിടെ പെൺകുട്ടികൾ തുണിയുടുത്താണ് നടക്കുന്നത്!”

അവൾ, “തുണിയുടുക്കാൻ എനിക്ക് നാണമാ!”

തുണിയുടുക്കാൻ നാണമാ പോലും!

അവൾ മനസില്ലാമനസോടെ, കൊണ്ടുവന്നിരുന്ന ഒരു പുതുപ്പ് പുതച്ചു.

അവൾ, “ഞാനൊരു ചരിത്രഗവേഷികയാണ്.’ അവൾ രണ്ടു ബൂട്ടുകൾ, മൈക്രോസ്കോപ്പിൽ പരിശോധിച്ചു.

അവൾ, “ഇത് പണ്ടെങ്ങോ ജീവിച്ചിരുന്ന അപൂർവ്വജീവികളുടെ അവശിഷ്ടങ്ങളാണ്. ഒരുപേക്ഷേ ഫൈലം, ഹിപ്പോക്രിസ്റ്റായിരിക്കും.”

ഞാൻ “അതോ പൈലോ അവിലോച്ചാണോ?”

ഞാൻ ഉള്ളിൽ പറഞ്ഞു. “എടീ പെങ്കൊച്ചേ അത് അമേരിക്കക്കാർ, ആംസ്ട്രോങ്ങും ആൽഡ്രിനും ഉപേക്ഷിച്ചിട്ടുപോയ ബൂട്ട്സാണ്. അതേലൊക്കെ അണുക്കളൊണ്ട്.”

അവൾ, “മാത്തനു വിശപ്പുണ്ടോ?”

“എനിക്കിപ്പോൾ വേണമെങ്കിൽ ഒരു കുതിരയെ തിന്നാം!”

അവൾ എനിക്ക് ഒരു ഇൻജക്ഷൻ! ഫുഡ് അബ്സോർബർ! “പൊരിച്ച മുട്ടയും വറുത്ത മീനും കൂട്ടി ചോറുണ്ണുന്ന സുഖം!”

“അല്പം കുടിച്ചാൽ കൊള്ളായിരുന്നു?” വേറൊരു ഇൻജക്ഷൻ ബ്ലൂ ലേബൽ കുടിച്ച സുഖം!

“ഇനി, എനിക്കൊന്നുവലിക്കണം”, ഞാൻ പറഞ്ഞു, “സ്മോക്ക്സ് അബ്സോർബർ ഉണ്ടെങ്കിൽ ഒന്നു കുത്തിവെച്ചേര്”

“പരമസുഖം!”

എന്തുകൊണ്ടോ, അവളെന്നെ തുറിച്ചുനോക്കി, “ഏർത്തിലുള്ളത് ഇത്ര വികൃതജീവികളാണോ?”

അവളെന്നെ കൂട്ടിലാക്കി, പറഞ്ഞു, “ഞാൻ നിന്നെ വളർത്തുവാൻ കൊണ്ടുപോകയാണ് എന്ന്!”

ഞാനും അവളും ബൂട്ടുകളും അവളുടെ സ്പേയ്സ് റോക്കറ്റിൽ.

വിറയൽ, കുടുക്കം, ഭൂമികുലുക്കം!

എന്നെ ബന്ധിച്ചിരുന്ന ബെൽറ്റുകൾ എല്ലാം പൊട്ടി!

ഞാൻ ബഹിരാകാശത്തിൽ!

ഞാൻ, “അയ്യോ എന്റെ ചങ്കുളുക്കിയേ...”

കണ്ണു തുറന്നു. അതെല്ലാം സ്വപ്നമായിരുന്നു. കട്ടിലിനരികിൽ ബന്ധുക്കൾ! കുഞ്ഞുക്കണിയാർ എന്റെ തലയിൽ നെല്ലാക്കാത്തളം വച്ചു പിടിപ്പിക്കുന്നു...!